## കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന ഗവേഷണ പരിശീലന പഠന കേന്ദ്രത്തിന്റെ പ്രവർത്തനം

126 (4183) ശ്രീ. സി. കെ. പി. പത്മനാഭൻ :
ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ. ടി. പി. കുഞ്ഞുണ്ണി:
ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന ഗവേഷണ പരിശീലന പഠന കേന്ദ്രത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) കിർത്താഡ്സ് എന്തെല്ലാം പരിശീലന പരിപാടികളാണ് സംഘടിപ്പിക്കുന്നത് ;

(സി) പട്ടികവിഭാഗക്കാരുടെ ഉന്നമനത്തിനായി എന്തെല്ലാം വികസന പരിപാടികൾ നടത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളാണ് കിർത്താഡ്സ് നൽകിയിട്ടുള്ളത് ;

(ഡി) ആദിവാസി ചികിത്സാ സമ്പ്രദായങ്ങൾ അന്യം നിൽക്കാതെ പരിപോഷിപ്പിക്കുന്നതിനായി എന്തെങ്കിലും പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടോ ;

(ഇ) പട്ടിക സമുദായക്കാരുടെ ആനുകൂല്യങ്ങൾ തെറ്റായ ജാതിസർട്ടിഫിക്കറ്റിലൂടെ തട്ടിയെടുക്കുന്നതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകളിൽ കഴിഞ്ഞ വർഷം നരവംശ ശാസ്ത്രപരമായ അന്വേഷണം നടത്തി ; ഇപ്പോൾ എത്ര കേസ്സുകളുടെ അന്വേഷണം പൂർത്തിയാക്കാനുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

### ഉത്തരം

(എ) കേരള നിയമസഭയുടെ പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമസമിതി കിർത്താഡ്സിലെ പ്രശ്നങ്ങൾ നേരിട്ട് സന്ദർശിച്ച് മനസ്സിലാക്കുകയും ഇവ പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ കേരള നിയമസഭയിൽ സമർപ്പിക്കുകയുമുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ഈ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം എന്നിവിടങ്ങളിൽ രണ്ടു മേഖലാ ഓഫീസുകൾ തുടങ്ങുന്നതിനും ഈ വകുപ്പിൽ ഒരു പിന്നോക്ക സമുദായ ഗവേഷണ വിഭാഗം തുടങ്ങുന്നതിനും, വകുപ്പിന്റെ ഹെഡ്ക്വാർട്ടേഴ്സിൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുമായുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പട്ടികവിഭാഗ മേഖലകളിൽ പ്രവർത്തിച്ചുവരുന്ന ഉദ്യോഗസ്ഥന്മാർക്ക് പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ സംസ്കാരം, ജീവിതരീതി, അവരുടെ പുരോഗതിക്കുവേണ്ടിയുള്ള പ്രക്രിയയിലെ പ്രശ്നങ്ങൾ എന്നിവയിൽ വേണ്ടത്ര അറിവ് നൽകുന്നതിനുതകുന്ന പരിശീലന പരിപാടികൾ, പട്ടികജാതി പട്ടികവർഗ്ഗ യുവാക്കൾക്കും നേതാക്കൾക്കും സർക്കാരിന്റെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് ഭരണഘടന നൽകുന്ന പ്രത്യേകാവകാശങ്ങളേയും സംരക്ഷണങ്ങളേയും കുറിച്ച് ബോധവൽക്കരണം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ നേതൃത്വ പരിശീലന പരിപാടികൾ, പട്ടികജാതി/ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലന പരിപാടികൾ, വംശീയ വൈദ്യചികിൽസ പരിപോഷിപ്പിക്കുന്നതിനായി വൈദ്യ ചികിൽസാ കൃാമ്പുകൾ, പട്ടികജാതി/പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് അസ്ത്രാഭ്യാസത്തിനുള്ള പരിശീലനം, കൂടാതെ സർക്കാർ, ഇതരവകുപ്പുകൾ ചുമതലപ്പെടുത്തുന്ന മറ്റു പരിശീലന പരിപാടികളും ആണ് കിർത്താഡ്സ് സംഘടിപ്പിച്ചുവരുന്നത്.

(സി) കേരളത്തിലെ പ്രാക്തന ഗോത്ര വിഭാഗങ്ങളായ കാടർ, കുറുമ്പർ, കാട്ടുനായ്ക്കർ, ചോലനായ്ക്കർ, കൊറഗ എന്നീ വിഭാഗങ്ങളെക്കുറിച്ച് വിശദമായി പഠനം നടത്തുകയും അവരുടെ സർവ്വതോന്മുഖമായ വികസനത്തിനുവേണ്ടി ഒരു സമഗ്ര വികസന പദ്ധതിക്ക് രൂപം നൽകി കേന്ദ്ര സർക്കാരിലേക്ക് സമർപ്പിക്കുകയും ചെയ്തു. വയനാട്ടിലെ പട്ടികവർഗ്ഗ പണിയ സമുദായത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിന് വേണ്ടിയുള്ള പ്രായോഗികമായ വികസന പദ്ധതി ആഗോളവൽക്കരണ പശ്ചാത്തലത്തിൽ എന്ന വിഷയത്തെ സംബന്ധിച്ചും, അട്ടപ്പാടിയിലെ പട്ടികവർഗ്ഗ ഇരുള സമുദായത്തിന്റെ ഭൂവിനിയോഗ രീതികളിലെ മാറ്റവും വിഭവങ്ങളുടെ മേലുള്ള നിയന്ത്രണ അവകാശങ്ങളും ആഗോളവൽക്കരണ പശ്ചാത്തലത്തിൽ എന്നതിനെ സംബന്ധിച്ചും വയനാട്ടിലെ ആദിവാസി വിഭാഗമായ അടിയ സമുദായത്തിലെ അവിവാഹിതരായ അമ്മമാരുടെ സാമൂഹ്യ പ്രശ്നങ്ങളെ സംബന്ധിച്ചും ആഗോളവൽക്കരണ കാലഘട്ടത്തിൽ വികസനത്തിന്റേയും വർഗ്ഗീകരണത്തിന്റേയും ഇരകളായ പട്ടികവർഗ്ഗ മലപണ്ടാരം സമുദായത്തെക്കുറിച്ചും വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചു. ആദിവാസി മേഖലയിൽ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന പൈതൃകത്തേയും ജീവസന്ധാരണ വ്യവസ്ഥകളേയും ആസ്പദമാക്കി ഡിസംബർ മാസത്തിൽ ത്രിദിന ദേശീയ സെമിനാർ കിർത്താഡ്സ് കൃാമ്പസിൽവച്ച് നടത്തുകയുണ്ടായി. കൂടാതെ അട്ടപ്പാടിയിലെ കുറുമ്പ വിഭാഗത്തിന്റെ വംശീയ ജൈവശാസ്ത്ര പഠനം പൂർത്തീകരിച്ച റിപ്പോർട്ട് സമർപ്പിച്ചു.

(ഡി) ആദിവാസി ചികിൽസാ സമ്പ്രദായം അന്യം നിൽക്കാതെ പരിപോഷിപ്പിക്കുന്നതിനായി കിർത്താഡ്സ് വർഷംതോറും രണ്ട് ജില്ലകളിലായി ഗദ്ദിക എന്ന പേരിൽ സംഘടിപ്പിക്കുന്ന കരകൗശല വിപണന മേളയിൽ ആദിവാസി ചികിൽസാ കൃാമ്പുകൾ സംഘടിപ്പിച്ച് വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പട്ടിക സമുദായക്കാരുടെ ആനുകൂല്യങ്ങൾ തെറ്റായ ജാതി സർട്ടിഫിക്കറ്റിലൂടെ തട്ടിയെടുക്കുന്നതുമായി ബന്ധപ്പെട്ട് 1996 -ലെ ആക്ട് 11 പ്രകാരം സ്ക്രീനിംഗ് കമ്മിറ്റിക്ക് 713-ഉം സ്ക്രൂട്ടിണി കമ്മിറ്റിക്ക് 8-ഉം തഹസിൽദാർമാർക്ക് 103-ഉം നരവംശശാസ്ത്രപരമായ അന്വേഷണ റിപ്പോർട്ടുകൾ തുടർ നടപടികൾക്കായി സമർപ്പിക്കുകയുണ്ടായി. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ലഭിച്ച പരാതികളിന്മേൽ 50 കേസ്സുകളിൽ അന്വേഷണം പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. ഇതുകൂടാതെ കൊങ്കു വെള്ളാളർ, അഞ്ചുനാട് വെള്ളാളർ, കുന്നുവർ മന്നാടി എന്നീ സമുദായങ്ങളെ മറ്റു പിന്നോക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ പഠന റിപ്പോർട്ട് കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന് സമർപ്പിച്ചു.

**ആറളം ഫാമിലെ തൊഴിലാളികളുടെ ശമ്പളപരിഷ്ക്കരണം**

**127 (4184)** ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂരിലെ ആറളം ഫാമിലെ തൊഴിലാളികളുടെ ശമ്പള പരിഷ്ക്കരണം സംബന്ധിച്ച കരാറിലെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത കരാർ അനുസരിച്ചുള്ള വേതന വർദ്ധനവ് ആറളം ഫാമിലെ എല്ലാ വിഭാഗം തൊഴിലാളികൾക്കും നൽകിയോ ;

(സി) ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ ;

(ഡി) കരാർ പ്രകാരമുള്ള വേതനം എപ്പോൾ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കണ്ണൂരിലെ ആറളം ഫാമിലെ തൊഴിലാളികളുടെ ശമ്പള പരിഷ്ക്കരണം സംബന്ധിച്ച് യൂണിയനുകളുമായി സർക്കാർ ധാരണയുണ്ടാക്കിയിട്ടുണ്ട്. തൊഴിലാളികൾക്ക് 1-1-2010 മുതൽ പ്രാബല്യത്തിൽ ശമ്പള വർദ്ധനവ് അംഗീകരിച്ചിട്ടുണ്ട്.

(ബി-ഡി) ചർച്ചയിലെ ധാരണകൾ സർക്കാർ തലത്തിൽ പരിശോധിച്ച് നടപ്പാക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**എസ്.സി/എസ്.ടി. പ്രമോട്ടർമാരുടെ ഓണറേറിയം**

**128 (4185)** ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകളിൽ എസ്.സി./എസ്.ടി. പ്രമോട്ടർമാരെ എന്നു മുതലാണ് നിയമിച്ചുവരുന്നത് ഇവരുടെ വിദ്യാഭ്യാസ യോഗ്യതകൾ എന്തൊക്കെയാണ് ;



LIBRARY ARCHIVES Kerala Legislative Assembly